ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി.-യ്ക്ക് ബസ്സുകൾ

347 (2222) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി.-ക്കായി ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇപ്രകാരം എത്ര ബസ്സുകൾ വാങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയോട് സന്നദ്ധത അറിയിച്ച് എത്ര പേർ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ നിയോജകമണ്ഡലത്തിലെയും യാത്രാക്ലേശത്തിന് എത്രത്തോളം പരിഹാരം കാണാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാകുന്ന തുക അനുവദിക്കുന്ന മുറയ്ക്ക് ബസ്സുകൾ വാങ്ങി പ്രസ്തുത നിയോജകമണ്ഡലത്തിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതാണ്. ചേസ്സിസ് വാങ്ങി ബോഡി നിർമ്മാണം നടത്തി ഒരു ബസ് പുറത്തിറക്കുന്നതിന് 18.87 ലക്ഷം രൂപ ചെലവ് വരും.

(ബി) ഒരു ചേസ്സിസ് വാങ്ങി ബോഡി നിർമ്മാണം നടത്തി നിരത്തിലിറക്കുന്നതിന് ഉദ്ദേശം 18.87 ലക്ഷം രൂപ ചെലവുവരും. ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാകുന്ന തുക അനുസരിച്ച് ബസുകൾ വാങ്ങുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയോട് സന്നദ്ധത അറിയിച്ച് ഒൻപത് നിയമസഭാംഗങ്ങൾ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങി കൂടുതൽ സർവ്വീസുകൾ ആരംഭിച്ചാൽ പ്രസ്തുത നിയോജക മണ്ഡലങ്ങളിലെ യാത്രാ ക്ലേശം പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly